പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3417 — 14.03.2018 ൽ മറുപടിയ്ക്ക്

## സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്തുതന്നെ കർഷകർക്ക് നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ. സി. കെ. ശശീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;<br>(ബി) ഈ രംഗത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ നോഡൽ ഏജൻസിയായി സപ്ലൈകോ പ്രവർത്തിച്ച വരുന്നു. ഈ പദ്ധതി പ്രകാരം കേരളത്തിലെ കർഷകരിൽ നിന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയ്ക്ക്, നെല്ല് സംഭരിച്ച് അരിയാക്കിമാറ്റി പൊതുവിതരണ സമ്പ്രദായത്തിലൂടെ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. |
| (സി) മുൻസർക്കാരിന്റെ കാലത്ത് നെല്ല് സംഭരിച്ച വകയിൽ കൊടുത്ത് തീർക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തു തീർക്കാൻ ഈ സർക്കാർ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) ഈ സർക്കാർ അധികാരമേറ്റ 2016 മെയ് മാസം വരെയുള്ള കണക്ക് പ്രകാരം 289.18 കോടി രൂപ (ഇരുനൂറ്റി എൺപത്തിയൊൻപത് കോടി പതിനെട്ട് ലക്ഷം രൂപ മാത്രം) സംസ്ഥാന സർക്കാർ വിഹിതമായി സപ്ലൈകോയ്ക്ക് നൽകാനുണ്ടായിരുന്നു. |
| (ഡി) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മറ്റ് ഏജൻസികൾ ഏതൊക്കെയാണ്; | (ഡി) വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സപ്ലൈകോ മാത്രമാണ് സംഭരണ ഏജൻസി ആയിട്ടുള്ളത്. |
| (ഇ) നെല്ല് സംഭരണം യഥാസമയം നടത്തുന്നതിനും സംഭരിച്ച നെല്ലിന്റെ വില കൃത്യസമയത്തുതന്നെ കർഷകർക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചിട്ടുണ്ട്. നെല്ലിന്റെ വില നൽകുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി പി.ആർ.എസ്. ലോൺ മുഖേന സമയബന്ധിതമായി കർഷകർക്ക് നെല്ലിന്റെ വില വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ